കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 03/2022 23.02.2022

# BMC കൾ എന്തിന് വേണ്ടി ?

നമ്മുടെ ബാങ്ക് പൊയ്ക്കൊണ്ടിരിക്കുന്നത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ബിസിനസ് പതനത്തിലേക്കാണ്. കഴിഞ്ഞ നാലുവർഷമായി ബാങ്കിന്റെ വികസനം വട്ടപ്പൂജ്യത്തിലേക്ക് എത്തിയത് എന്തുകൊണ്ട് എന്നത് പഠനവിഷയമാക്കേണ്ടത് ഈ സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്. എവിടെയാണ് നമ്മൾക്ക് പിഴച്ചത്? ആരാണിതിന് കാരണക്കാർ? മാനേജ്മെന്റോ, അതോമാനേജ്മെന്റ് അവസരം കിട്ടുമ്പോഴെല്ലാം ഇകഴ്ത്തിക്കൊണ്ടിരിക്കുന്ന ഈ ബാങ്കിലെ ജീവനക്കാരോ ?

ഇപ്പോൾനടന്നുകഴിഞ്ഞ BMCകളിൽ ഒക്കെത്തന്നെ ചെയർമാൻ പറയുന്നത്, മുഴുവൻ പ്രശ്നങ്ങൾക്കും ഉത്തരവാദികൾ ജീവനക്കാരാണെന്നാണ്. പരമാവധി De motivating പ്രസംഗങ്ങളാണ് അദ്ദേഹം മീറ്റിംഗുകളിൽ നടത്തുന്നത്. ജീവനക്കാരെ Motivate ചെയ്ത് കൂടെ നിർത്തുവാനുള്ള ഒരു പരാമർശം പോലും അദ്ദേഹം നടത്താറില്ല എന്നത് അതീവ ഖേദകരമാണ്.

*"...കവിളത്തെ കണ്ണീർ കണ്ടു, മണിമുത്താണെന്നുകരുതി.....*
*വിലപേശാനോടിയെത്തിയ വഴിയാത്രക്കാരാ.......വഴിയാത്രക്കാരാ....."*

എന്ന ഒരു പഴയ ഗാനശകലം ഓർത്തുപോവുകയാണ്. ഒരു യാത്രയുടെ പാതയിൽ കനറാബാങ്കിൽ നിന്നും ചേക്കേറിവന്ന ദേശാടനക്കിളി ജീവനക്കാരെ മുൻനിർത്തി വിലപേശുകയാണ്. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പൊറുതിമുട്ടി, ഒരു ലീവ് പോലും എടുക്കാൻ കഴിയാതെ പെടാപ്പാടുപെടുന്ന ജീവനക്കാരെ മുൻനിർത്തിയാണ് അദ്ദേഹത്തിന്റെ കുറ്റപ്പെടുത്തൽപ്രസംഗം BMC കളിൽ തകർത്തുപാടുന്നത്.

**അദ്ദേഹം BMC യിൽ പറഞ്ഞത്;**

'നിങ്ങൾക്ക് നിങ്ങളുടെ ആനുകൂല്യങ്ങളോടു മാത്രമേ താൽപ്പര്യമുള്ളൂ. സ്ഥാപനത്തിന്റെ വികസനം നിങ്ങളുടെ മുൻപിലില്ല. കഴിഞ്ഞ പത്തര മാസമായി നിങ്ങൾ എന്തുചെയ്തു? നിങ്ങളുടെ ശമ്പളം കൃത്യമായി കിട്ടുന്നില്ലേ? എന്തുകൊണ്ട് നിങ്ങൾ തിരിച്ചുള്ളത് ബാങ്കിന് നൽകുന്നില്ല? നിങ്ങൾക്ക് പശുവിന്റെ പാൽ മാത്രമേ വേണ്ടതുള്ളൂ. പശുവിന് പുല്ലും വെള്ളവും കൊടുക്കാൻ താൽപര്യമില്ല. എത്രകാലം നിങ്ങൾക്കിത് തുടരാൻ കഴിയും? കഴിഞ്ഞ ഒന്നര മാസമായി നിങ്ങൾ നിസ്സഹകരണ സമരത്തിലായിരുന്നു. നിങ്ങൾ CKYC ചെയ്തില്ല. ബാങ്കിന് പിഴ ചുമത്തിയാൽ നിങ്ങൾ ഏറ്റെടുക്കേണ്ടിവരും, മറ്റാർക്കും അതേറ്റെടുക്കാൻ കഴിയില്ല. സംസ്ഥാനത്തെ SLBCയുടെ കണക്കനുസരിച്ച് നമ്മൾ കഴിഞ്ഞ നാല് വർഷമായി ഒരു പുരോഗതിയും കൈവരിച്ചിട്ടില്ല. മറ്റുബാങ്കുകളൊക്കെത്തന്നെ നല്ല രീതിയിൽ ബിസിനസ് വർദ്ധിപ്പിച്ചപ്പോൾ ഇവിടെ പലതും പിന്നോട്ടാണ്. അടുത്ത വർഷവും പെൻഷൻ Liabiltiy provide ചെയ്യേണ്ടിവന്നാൽ ഒരു പക്ഷേ, നാം നഷ്ടത്തിലാവും. നഷ്ടം നികത്താൻ കേന്ദ്രസർക്കാരിന്റെ മൂലധനം നിങ്ങൾക്കുവേണം, ബാങ്കിന് സ്വയം ലാഭം ഉണ്ടാക്കുവാനുള്ള യാതൊന്നും നിങ്ങൾ ചെയ്യുന്നില്ല. പലിശയേതര വരുമാനം വർദ്ധിപ്പിക്കുന്നതിൽ നിങ്ങൾക്ക് താൽപര്യമില്ല, വായ്പ കൊടുക്കാനും NPA പിരിക്കാനും നിങ്ങൾക്ക് തികഞ്ഞ അലംഭാവമാണ്. ഇങ്ങനെ പോയാൽ നാം എവിടെയെത്തും? ATM കാർഡിന്റെ ലഭ്യതക്കുറവ് എല്ലാ ബാങ്കിലുമുണ്ട്. അതൊരു ആഗോളപ്രതിഭാസമാണ്. അത് ഇടപാടുകാരെ ബോധ്യപ്പെടുത്തുന്നതിൽ നിങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് എന്റെ ഫോൺ നമ്പർ നിങ്ങൾ ഇടപാടുകാർക്ക് നൽകിയത്. കോർബാങ്കിങ്ങിലേക്ക് മാറിയപ്പോഴുണ്ടായ പ്രശ്നങ്ങൾ നിങ്ങൾ സ്വയമല്ലേ നേരിട്ടത്? അതുപോലെ നേരിടേണ്ട പ്രശ്നത്തെ നിങ്ങൾ മുകളിലേക്ക് തട്ടിവിടുന്നു. കൂടുതലൊന്നും ഇനി പറയാനില്ല. നിങ്ങൾ സ്വയം ആലോചിക്കുക. നിങ്ങൾക്ക് തീരുമാനിക്കാം. ' ഇങ്ങനെയാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിക്കുന്നത്.

**ബഹുമാനപ്പെട്ട ചെയർമാനും, മറ്റ് ജനറൽ മാനേജർമാരും, നമ്മുടെ ജീവനക്കാരും അറിയാൻ വേണ്ടി ഞങ്ങൾ ചില ചോദ്യങ്ങൾ ചോദിക്കട്ടെ**

1. മിത്രാകമ്മിറ്റി ശുപാർശ പ്രകാരമുള്ള നിയമനങ്ങൾ നടത്താതിരുന്നതും ജീവനക്കാരെ സമരത്തിലേക്ക് തള്ളിവിട്ടതും ആരാണ് ?
2. കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട മന്ത്രിമാരുടെ സാന്നിധ്യത്തിൽ മാനേജ്മെന്റുമായി ഒപ്പിട്ട കരാർ നഗ്നമായി ലംഘിച്ച് വീണ്ടും പ്രക്ഷോഭത്തിലേക്ക് ജീവനക്കാരെ തള്ളിവിട്ടത് ആരാണ് ?
3. ജീവനക്കാർ അവരുടെ സേവന - വേതന വ്യവസ്ഥകളിൽ എന്തെങ്കിലും അധികമായി ഉന്നയിച്ചോ ?
4. ആവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകാതിരുന്നത് ജീവനക്കാരുടെ അനാസ്ഥ കാരണമാണോ ?
5. കൈയ്യിലുള്ള സ്റ്റോക്കിന്റെ ലഭ്യത കണക്കിലെടുക്കാതെ ATM കാർഡ് ക്യാമ്പയിൻ നിർബന്ധിച്ച് നടത്തി ആവശ്യക്കാർക്ക് കാർഡ് നൽകാൻ സാധിക്കാത്ത രീതിയിൽ ശാഖകളിലെ ജീവനക്കാരെ, ഇടപാടുകാരുടെ മുൻപിൽ കൊള്ളരുതാത്തവരാക്കിയതാരാണ്? ATM കാർഡിന്റെ കാലാവധിയെങ്കിലും നീട്ടിക്കൊടുക്കാൻ സംഘടന ആവശ്യപ്പെട്ടതുപോലും നിരാകരിച്ചത് മാനേജ്മെന്റല്ലേ?
6. CD റേഷ്യോവിന്റെ പേരു പറഞ്ഞ് വായ്പാ നിരോധനം നടപ്പിലാക്കി, ബാങ്കിന്റെ Advance portfolio ഇടിച്ചുവീഴ്ത്തിയത് ജീവനക്കാരാണോ?
7. 2017 ൽ വന്ന CKYC നിർദേശം രണ്ടുവർഷം പൂഴ്ത്തിവെച്ച് ഒറ്റയടിക്ക് ഇവ ചെയ്തുതീർക്കണമെന്ന് പറഞ്ഞ് ജീവനക്കാരെ ദ്രോഹിച്ചതാരാണ്? അതിന് പിഴ നൽകേണ്ടിവരുമെന്ന് പറഞ്ഞ് ജീവനക്കാരെ പേടിപ്പിക്കുന്നത് ആരുടെ തെറ്റ് മറച്ച് പിടിക്കാനാണ്?
8. പഴയ ATM കൗണ്ടറുകൾ പൂട്ടുന്നതും, പുതിയവ കൊടുക്കാതിരിക്കുന്നതും ബിസിനസ് വർദ്ധനയെ സഹായിക്കുമോ ? സഹകര

kartine29.deviantart

8. പഴയ ATM കൗണ്ടറുകൾ പൂട്ടുന്നതും, പുതിയവ കൊടുക്കാതിരിക്കുന്നതും ബിസിനസ് വർദ്ധനയെ സഹായിക്കുമോ ? സഹകരണ ബാങ്കുകൾ വരെ ATM യഥേഷ്ടം സ്ഥാപിക്കുമ്പോൾ KGB ക്ക് കിട്ടാത്തത് കനറാ ബാങ്കിന്റെ പാരവെപ്പ് കാരണമല്ലേ ?

9. ആവശ്യത്തിന് ഒരു Swiping machine കൊടുക്കാൻ കഴിയാത്തതും, വേണ്ട രീതിയിൽ ക്രഡിറ്റ് കൊടുക്കാൻ കഴിയാത്തതും ജീവനക്കാരുടെ അലംഭാവം കൊണ്ടാണോ ? ഇതിലും കനറാബാങ്കിന്റെ കറുത്ത കരങ്ങളില്ലേ ?

10. ഇന്റർനെറ്റ് ബാങ്കിംഗ് സുഗമമായി നടത്താൻ പറ്റാതെ ആളുകൾ കൊഴിഞ്ഞുപോവുന്നത് മാനേജ്മെന്റിന് അറിയാമോ ? ഒരു Net Banking app നിർമിക്കാത്ത് ആരുടെ കുഴപ്പമാണ്. ?

11. പെൻഷൻഫണ്ട് നൽകേണ്ട കേന്ദ്രസർക്കാർ അവ നൽകാതെ ബാങ്കിന്റെ ലാഭത്തിൽ നിന്നും കുറവ് ചെയ്യുന്നത് ജീവനക്കാർ പണിയെടുക്കാത്തതുകൊണ്ടാണെന്ന് പറയുന്നതിന്റെ യുക്തി എന്താണ്. ?

12. പുതിയ ആളുകളെ ആകർഷിക്കാൻ പറ്റിയ ആധുനിക സൗകര്യങ്ങൾ നമ്മുടെ ശാഖകളിൽ ഇല്ലാതെ പോയത് എന്തുകൊണ്ടാണ്? പ്രാഥമിക സഹകരണ ബാങ്കുകൾ പോലും നൽകുന്ന സൗകര്യങ്ങൾ ഒരു സർക്കാർ ബാങ്കായ നമുക്ക് നൽകാൻ കഴിയുന്നുണ്ടോ?

13. മറ്റ് ബാങ്കുകളേക്കാൾ കൂടുതൽ പലിശ സ്വർണ്ണപ്പണയത്തിന് ചുമത്തി, ബാങ്കിന്റ വലിയ വായ്പാമേഖലയായ സ്വർണ്ണവായ്പകളെ അകറ്റിനിർത്തിയത് ആരാണ്? ഇവിടുത്തെ ജീവനക്കാരോ അപ്രൈസർമാരോ ആണോ ഇതിനുത്തരവാദി?

14. നിക്ഷേപങ്ങൾ ആകർഷണീയമാക്കാനുള്ള എന്തു പുതിയ പദ്ധതിയാണ് ആവിഷ്ക്കരിച്ചത്?

15. സർക്കാർ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയുടെ നിക്ഷേപങ്ങൾ നമ്മുടെ ബാങ്കിലേക്ക് കൊണ്ടുവരാൻ എന്ത് ഇടപെടലുകളാണ് നമ്മുടെ എക്സിക്യൂട്ടീവുകൾ നിർവഹിച്ചത്? ഏതെങ്കിലും ഒന്ന് പറയാൻ കഴിയുമോ?

16. പുതിയതായി ഒരു ശാഖ പോലും കഴിഞ്ഞ കാലത്ത് തുറക്കാതെ പോയത് ജീവനക്കാരുടെ എതിർപ്പുകൊണ്ടാണോ ? അതോ മാനേജ്മെന്റിന്റെ പിടിപ്പുകേടാണോ ?

17. ജീവനക്കാർക്ക് ഉഭയകക്ഷി കരാർ പ്രകാരമുള്ള മറ്റാനുകൂല്യങ്ങൾ തടഞ്ഞുവെച്ചത് കനറാബാങ്കല്ലേ ? ജീവനക്കാരുടെ ശമ്പളവും പെൻഷനുമൊക്കെ നൽകിയാൽ ബാങ്ക് തകരുമെന്ന് പ്രചരിപ്പിച്ചവർ ഇക്കൂട്ടർ തന്നെയല്ലേ ?

18. ശാഖകളിൽ ഡെപ്യൂട്ടേഷൻ ആവശ്യപ്പെട്ടാൽ അവ കൊടുക്കാൻ കഴിയാതെ ജീവനക്കാരെ മാനസികസമ്മർദ്ദത്തിലാക്കുന്നതാര്? ഈ ദുര്യോഗം ഈ ബാങ്കിലുണ്ടാക്കിയത് ആരാണ്?

19. നിരവധി തവണ ആവശ്യപ്പെട്ടിട്ടും NRE Account Holders ന് SMS ലഭിക്കാത്തതിനാൽ NRE അക്കൗണ്ടുകൾ കൊഴിഞ്ഞുപോകുന്നു. ഇതു പരിഹരിക്കാൻ മാനേജ്മെന്റ് എന്തു ചെയ്തു?

20. AGPL, SHG തുടങ്ങിയ വായ്പകൾ ഇനി Lowest Interest quote ചെയ്ത് നൽകുന്ന ബാങ്കുകളിൽ പോകാനുള്ള നീക്കം നടക്കുന്നു. ഇത് നമ്മുടെ ബാങ്കിൽ നിലനിർത്താൻ ഒരു ചെറുവിരലെങ്കിലും അനക്കാൻ മാനേജ്മെന്റിന് കഴിഞ്ഞോ?

21. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടുന്ന മാനേജർമാർ സ്ഥിരമായി കൗണ്ടറിൽ ഇരിക്കേണ്ടിവരുന്ന മറ്റുബാങ്കുകൾ ചൂണ്ടിക്കാണിക്കാമോ ? എന്തുകൊണ്ട് ഇവിടെയിത് സംഭവിക്കുന്നു?

സഖാക്കളെ,

ഇവിടെ നിർത്തുകയാണ്. ഇനിയും കഴിവ് കെട്ട മാനേജ്മെന്റിനെ പറഞ്ഞാൽ ഇതെഴുതുന്ന കടലാസ്സിന് പോലും നാണം തോന്നും. ഈ അവതാരങ്ങളാണ് ജീവനക്കാരുടെ നേരെ വിരൽ ചൂണ്ടുന്നത്. - അവർക്കെതിരെ ചൂണ്ടുന്ന നാലുവിരലുകൾ വിസ്മരിച്ചുകൊണ്ട്. 45 ദിവസം സമരം നടത്തിയതിന് പരിഹസിച്ച ചെയർമാനോട് ഒരു ചോദ്യം കൂടി..! എന്തുകൊണ്ട് ഈ ചർച്ചയും ഒത്തുതീർപ്പും 45 ദിവസം മുമ്പ് നടത്തിയില്ല? നിങ്ങൾ ഞങ്ങളെ അണ്ടർഎസ്റ്റിമേറ്റ് ചെയ്തത് നിങ്ങളുടെ വിവരക്കേട്, അതിന് ജീവനക്കാരെ പഴിചാരണ്ട..! അച്ചടക്കത്തിന്റെ വാളുകളുയർത്തി ഞങ്ങളെ നേരിടാമെന്നു കരുതിയാൽ, പ്രിയപ്പെട്ട ചെയർമാൻസാർ, താങ്കൾക്ക് തെറ്റി, ഞങ്ങൾ നിങ്ങൾ ഉദ്ദേശിച്ച ഗണത്തിൽ പെടുന്നവരല്ല.

BMC കളിൽ പരസ്പരം കാര്യങ്ങൾ ചർച്ച ചെയ്ത് പുതിയ ആശയ നിർദേശങ്ങൾ സ്വീകരിച്ച് മുന്നോട്ട് നീങ്ങുന്നതിന് പകരം One sided game ആക്കിമാറ്റി ജീവനക്കാരെ മാനസികമായി പീഢിപ്പിക്കാൻ ശ്രമിക്കുന്ന, കാൽക്കാശിന് കൊള്ളാത്ത നാണംകെട്ട ഒരു മാനേജ്മെന്റാണ് കഴിഞ്ഞ കുറച്ച് കാലങ്ങളായി ഇവിടെ നിലനിൽക്കുന്നത് എന്നു പറയാൻ ഞങ്ങൾക്ക് പ്രയാസമുണ്ടെങ്കിലും പറയാതിരിക്കാൻ നിർവാഹമില്ല. മീറ്റിംഗിൽ സ്ഥിരമായി ഉപയോഗിക്കുന്ന ഒരു രീതി 'ഞങ്ങളും നിങ്ങളുമെന്നാണ്.'നമ്മളാകാൻ' കഴിയാത്ത ഈ സ്പോൺസർ ബാങ്ക് ഭരണം നിലനിൽക്കുന്നിടത്തോളം കാലം RRB കൾക്കോ, ജീവനക്കാർക്കോ നീതി ലഭിക്കുകയില്ല എന്നത് ചരിത്രസത്യമായി തന്നെ നിലനിൽക്കുന്നു. ജീവനക്കാരെ വിശ്വാസത്തിലെടുത്ത്, അവരെ കൂടെക്കൂട്ടി ബാങ്ക് ഭരിക്കാൻ ചെയർമാനും, ചെയർമാന്റെ അനുചരന്മാർക്കും കഴിഞ്ഞാൽ ഈ ബാങ്കിനെ ഇനിയും നല്ല രീതിയിൽ മുമ്പോട്ടുകൊണ്ടുപോകാം.

***ശാഖകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ഏർപ്പാടാക്കി മാനേജ്മെന്റ് മുന്നോട്ട് വന്നാൽ ഞങ്ങളും കൂടെയുണ്ടാകും. ഇത് ഞങ്ങളുടെ ഉറപ്പ്.***

## അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU
Mob: 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU
Mob: 9447383184

kartine29.deviantart